## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3381 — 12.12.2014-ൽ മറുപടിക്ക്

### ആർ എ വൈ (രാജീവ് ആവാസ് യോജന)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ എ അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | രാജീവ് ആവാസ് യോജന പദ്ധതി കേരളത്തിലെ ഏതൊക്കെ കോർപ്പറേഷനുകളിൽ നടപ്പിലാക്കി തുടങ്ങി; | (എ) | തിരുവനന്തപുരം, കൊല്ലം, തൃശൂർ, കോഴിക്കോട്, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | നഗര പ്രദേശത്തെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ക്ഷേമത്തിനും ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്, ഓരോന്നിന്റേയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (ബി) | സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന (RAY), രാജീവ് റിൻ യോജന (RRY), അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ ആന്റ് അസസ്മെന്റ് (USHA), സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY), നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ(NULM), ആശ്രയ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. IHSDP പദ്ധതി പ്രകാരം ആകെ 6874 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. BSUP പദ്ധതി പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ ആകെ 7674 വീടുകളുടേയും, കൊച്ചി കോർപ്പറേഷനിൽ ആകെ 7255 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. RAY പദ്ധതി പ്രകാരമുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ പദ്ധതികളിൽ 100 വീടുകളുടെ നിർമ്മാണം അന്തിമഘട്ട ത്തിലാണ്. മറ്റു കോർപ്പറേഷനു |

കളിലെ പദ്ധതികൾ
പ്രാരംഭഘട്ടത്തിലാണ്. RRY പദ്ധതി
പ്രകാരം 269 അപേക്ഷകൾ
ലഭിച്ചതിൽ 171 അപേക്ഷകൾ
ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.
ഇതിൽ 36 എണ്ണം ബാങ്ക്
അംഗീകരിച്ചിട്ടുണ്ട്. USHA സ്കീമിൽ
3 നഗരസഭകൾ ചേരികളുടെ പട്ടിക
സമർപ്പിച്ചിട്ടുണ്ട്. ബാക്കി
സ്ഥലങ്ങളിൽ പ്രവർത്തനം
പുരോഗമിക്കുന്നു. SJSRY
സംസ്ഥാനത്തെ 65 നഗരസഭകളിൽ
നടപ്പിലാക്കിയിരുന്നു. 2014-15-ഓടെ
പദ്ധതി അവസാനിച്ചു. NULM
സംസ്ഥാനത്ത് നടപ്പിലാക്കുന്നതി
നുള്ള പ്രാഥമിക നടപടികൾ
സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ